"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം - അക്കാദമികം - റിവിഷൻ 2010 ൽ ഉൾപ്പെട്ട ഡിപ്ലോമ വിദ്യാർത്ഥികൾക്ക് പഠനം പൂർത്തീകരിക്കുന്നതിന് അധിക അവസരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.434/2026/HEDN തീയതി,തിരുവനന്തപുരം, 26-03-2026

---

പരാമർശം:-

1. റിവിഷൻ 2010 സ്കീമിൽ ഉൾപ്പെട്ട ഡിപ്ലോമ വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷ.
2. സാങ്കേതിക പരീക്ഷാ കൺട്രോളറുടെ 1.3.2026 തീയതിയിലെ CTETVM/43/2026 നമ്പർ കത്ത്.
3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 20.03.2026 തീയതിയിലെ DTETVM/1505/2026-C2 (ACA) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

റിവിഷൻ 2010 സ്കീമിൽ ഉൾപ്പെട്ട പഠനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ ഡിപ്ലോമ വിദ്യാർത്ഥികൾക്ക് 2025 നവംബറിൽ ഒരു അവസരം കൂടി അനുവദിച്ചിരുന്നെങ്കിലും പല വിദ്യാർത്ഥികളും ഒന്നോ രണ്ടോ വിഷയങ്ങൾക്ക് പരാജയപ്പെട്ടതായും അതിനാൽ പരാജയപ്പെട്ട വിഷയങ്ങൾ എഴുതുന്നതിനും പാസ്സാകുന്നതിനുമായി ഒരവസരം കൂടി നൽകണമെന്നും സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിദ്യാർത്ഥികളുടെ ഉപരി പഠന സാധ്യതകളും തൊഴിൽ സാധ്യതകളും മുൻനിർത്തിയും പരാമർശം (2) (3) റിപ്പോർട്ടുകൾ കൂടി വിലയിരുത്തിയും റിവിഷൻ 2010 വിദ്യാർത്ഥികൾക്ക് അവർക്ക് അനുവദിച്ച കാരുണ്യ അവസരം അവസാനിച്ചുവെങ്കിലും മാനുഷിക പരിഗണന നൽകികൊണ്ട് പരീക്ഷകൾ എഴുതി പൂർത്തിയാക്കുന്നതിന് ഒറ്റ തവണയായി അധിക അവസരം അനുവദിച്ച് ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ് എം

ജോയിന്റ് സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സാങ്കേതിക പരീക്ഷാ കൺട്രോളർ, സാങ്കേതിക പരീക്ഷാ വിഭാഗം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

Signed by Geetha Lekshmi.
G
Date: 26-03-2026 16:21:37

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ